**<u>വിവരാവകാശം / മറുപടി</u>**

നം. H2/12934/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി: 14..3..2017
Email : swdkerala@gmail.com
Phone: 0471-2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം

ശ്രീ.കെ. ഭാസ്കര ആചാര്യ
അപൂർവ്വ കോമ്പൗണ്ട്
ചെന്നക്കുട്ട്.P.O., പേരഡല
കാസർഗോഡ് - 671551

സർ,

വിഷയം :സാമൂഹ്യനീതി ഡയറക്ടറേറ്റ് - കുഞ്ഞിന്റെ ശസ്ത്രക്രിയയ്ക്ക് അനുവദിച്ച തുക കുട്ടി മരണപ്പെട്ടതിനാൽ പിതാവിന് നൽകണമെന്ന ആവശ്യം - വിവരാവകാശ അപേക്ഷ - സംബന്ധിച്ച്.

സൂചന :സർക്കാർ കത്ത് നം.1215745/C2/17/SJD, തീയതി: 20..2..2017.

മകന്റെ ചികിത്സയ്ക്കായി അനുവദിച്ച ധനസഹായം, കുട്ടി മരണപ്പെട്ടതിനാൽ പിതാവിന് നൽകണമെന്ന് താങ്കളുടെ അപേക്ഷയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ കാസർഗോഡ് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് താങ്കളുടെ വിവരാകാശ പ്രകാരമുള്ള അപേക്ഷയ്ക്ക് മറുപടി നൽകുന്നതാണെന്ന് അറിയിക്കുന്നു. മേൽ മറുപടി തൃപ്തികരമല്ലാത്ത പക്ഷം താങ്കൾക്ക്, ടി കത്ത് ലഭിച്ച് 30 ദിവസത്തിനുള്ളിൽ അപ്പലേറ്റ് അതോറിറ്റിക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

<u>അപ്പലേറ്റ് അതോറിറ്റി</u>

ശ്രീ. കെ.സുരേന്ദ്രകുമാർ
അഡീഷണൽ ഡയറക്ടർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം

വിശ്വസ്തതയോടെ

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**

നം. H2/12934/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി: 14..3..2017
Email : swdkerala@gmail.com
Phone: 0471-2306040

സാമൂഹ്യനീതി ഡയറക്ടർ
തിരുവനന്തപുരം

ജില്ലാ സാമൂഹ്യനീതി ഓഫിസർ
കാസർഗോഡ്

സർ,

വിഷയം :സാമൂഹ്യനീതി ഡയറക്ടറേറ്റ് - ശ്രീ. ഭാസ്കര ആചാര്യ, കാസർഗോഡിന്റെ വിവരാവകാശ പ്രകാരമുളള അപേക്ഷ റിപ്പോർട്ട് ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന :സർക്കാർ കത്ത് നം.1215745/C2/17/SJD, തീയതി: 20..2..2017.

ശ്രീ. ഭാസ്കര ആചാര്യ, കാസർഗോഡ് വിവരാവകാശ നിയമപ്രകാരം മറുപടി ലഭ്യമാക്കുന്നതിനായി സർക്കാറിന് സമർപ്പിച്ച അപേക്ഷ നേരിട്ട് മറുപടി നൽകുവാൻ ആവശ്യപ്പെട്ട് ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. ആയത് ഉളളടക്കം ചെയ്യുന്നു.

മേൽ വിഷയത്തിന്മേൽ അന്വേഷണം നടത്തി വിശദാംശം ലഭ്യമാക്കുവാനും ടിയാന് തുക അനുവദിച്ച ഉത്തരവിന്റെ പകർപ്പ്, അപേക്ഷകനിൽ നിന്നും ലഭ്യമാക്കി സമർപ്പിക്കുവാനും നിർദ്ദേശിക്കുന്നു. അപേക്ഷയിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം കാസർഗോഡ് ജില്ലാ ഓഫീസിൽ ലഭ്യമായ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി അറിയിക്കുവാനും താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ

**സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി**

നം. എച്ച് 2- 12934/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 7/10/2017
Email - swdkerala@gmail.com
Phone - 0471-2306040

സാമൂഹ്യനീതി ഡയറക്ടർ,

സെക്രട്ടറി
സാമൂഹ്യ നീതി വകുപ്പ്

സർ,

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ഡയറക്ടറേറ്റ് - സാമ്പത്തിക സഹായത്തിനായി ശ്രീ. ഭാസ്കര ആചാര്യ, കാസർഗോഡ് സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്.

സൂചന :-
1. സർ.കത്ത് നം. 1215745/C2/17/SJD, തീയതി 20/02/2017
2. സ.ഉ.(സാധാ) നം. 225/2014/സാ.നീ.വ, തീയതി 31/01/2014
3. ഈ കാര്യാലയത്തിൽ നിന്നുള്ള 12/05/2014 തീയതിയിലെ F4/35983/13 നമ്പർ ഉത്തരവ്.
4. ശ്രീ. ഭാസ്കര ആചാര്യ സമർപ്പിച്ച അപേക്ഷ.

ബോൺ കാൻസർ ബാധിച്ചതിനെ തുടർന്ന് ഇടതു കാൽ മുറിച്ച് മാറ്റേണ്ടി വന്ന പ്ലസ് വൺ വിദ്യാർത്ഥിയായിരുന്ന ശ്രീ. ഗഗൻ ദീപിന് ഹൈടെക് കാൽ വച്ചു പിടിപ്പിക്കുന്നതിന് ധനസഹായം ആവശ്യപ്പെട്ട് പിതാവായ ശ്രീ. ഭാസ്കര ആചാര്യ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം 3,03,800/- രൂപ അനുവദിച്ചു കൊണ്ട് സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (3) ലെ ഉത്തരവ് പ്രകാരം ശ്രീ. ഗഗൻ ദീപിന് തുക അനുവദിച്ച് നൽകുകയുണ്ടായി.

എന്നാൽ അനുവദിച്ച തുക കൈപറ്റുന്നതിനു മുൻപ് ശ്രീ. ഗഗൻദീപ് മരണപ്പെട്ടതിനാൽ തുക തിരിച്ചടയ്ക്കുവാൻ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നിർദ്ദേശം നൽകുകയും ജില്ലാ ഓഫീസർ തുക തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്.

മകന്റെ ചികിത്സയ്ക്കായി ഏകദേശം ആറു ലക്ഷത്തോളം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും, സ്വന്തമായി സ്ഥലമില്ലാതെ വാടക വീട്ടിൽ താമസിക്കുന്ന രണ്ടു പെൺകുട്ടികൾ ഉൾപ്പെടുന്ന കുടുംബത്തിന് മറ്റു വരുമാന

Dh/-

മാർഗ്ഗങ്ങളില്ലാത്തതിനാൽ, സാമ്പത്തിക ബാധ്യത തീർക്കുന്നതിനായി മകനു വേണ്ടി അനുവദിച്ച 3,03,800/- രൂപ അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സൂചന (4) പ്രകാരം ശ്രീ. ഭാസ്കരാചാര്യ അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ശ്രീ. ഭാസ്കര ആചാര്യയുടെ അപേക്ഷമേൽ ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖാന്തിരം അന്വേഷണം നടത്തുകയുണ്ടായി. മകന്റെ ചികിത്സാർത്ഥം അപേക്ഷകൻ ലക്ഷകണക്കിന് രൂപ ചെലവഴിച്ചതായി ആശുപത്രി രസീതുകൾ മുഖേന അറിയിച്ചിട്ടുണ്ടെന്നും ബാധ്യതയിൽ ബുദ്ധിമുട്ടനുഭവിക്കുന്നതായും ജില്ലാ സാമൂഹ്യനീതി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സാഹചര്യത്തിൽ അപേക്ഷകൻ ഉന്നയിച്ചിരിക്കുന്നതും, അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ള വസ്തുതകളുടെയും അടിസ്ഥാനത്തിൽ ശ്രീ. ഭാസ്കര ആചാര്യയുടെ അപേക്ഷയിൻ മേൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനായി ടിയാളുടെ അപേക്ഷ, ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് എന്നിവ ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

Rajasree

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

Dh/-

നം. എച്ച് 2- 12934/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 7/10/2017
Email - swdkerala@gmail.com
Phone - 0471-2306040

സാമൂഹ്യനീതി ഡയറക്ടർ,

ശ്രീ. ഭാസ്കര ആചാര്യ
അപൂർവ്വ കോമ്പൗണ്ട്
ചെന്നക്കുട് പി.ഒ, പേരഡല
കാസർഗോഡ് 671551

സർ,

വിഷയം :- സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് - സാമ്പത്തിക സഹായം അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന :- താങ്കളുടെ 31/07/2017 ലെ അപേക്ഷ.

താങ്കളുടെ മകന് കൃത്രിമക്കാൽ വച്ചു പിടിപ്പിക്കുന്നതിനായാണ് 3,03,800/- രൂപ അനുവദിച്ച് സർക്കാർ ഉത്തരവ് നൽകിയത്. രോഗി മരണപ്പെട്ടതിനാൽ വിതരണം ചെയ്യാൻ കഴിയാത്ത തുക സർക്കാരിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ട്. താങ്കൾക്ക് മകന്റെ ചികിത്സാ ചിലവിനത്തിൽ ടി തുക അനുവദിക്കുന്നതിന് സർക്കാർ അനുമതിയും ഉത്തരവും ആവശ്യമാണ്. അതിനാൽ താങ്കളുടെ അപേക്ഷ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

FCD on
17/10/17

Dh/-